# കാർഷികവായ്പ എഴുതിത്തള്ളലും കാർഷിക കടാശ്വാസ പദ്ധതിയും-2008

## 1. ആമുഖം

1.1 ധനമന്ത്രി തന്റെ 2008-2009-ലെ ബജറ്റ് പ്രസംഗത്തിൽ കർഷകർക്കുവേണ്ടി കാർഷികവായ്പ എഴുതിത്തള്ളുകയും കാർഷിക കടാശ്വാസം നടപ്പിലാക്കുകയും ചെയ്യുന്ന പദ്ധതിയെക്കുറിച്ച് പ്രസ്താവന നടത്തുകയുണ്ടായി.

1.2. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖകൾ ചുവടെ ചേർക്കുന്നു:-

## 2. സാദ്ധ്യത

2.1. ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും, പ്രാദേശിക ഗ്രാമീണ ബാങ്കുകളും അർബൻ സഹകരണ വായ്പാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സഹകരണ വായ്പാ സ്ഥാപനങ്ങൾ, ലോക്കൽ ഏരിയ ബാങ്കുകളും (ഇനിമേൽ 'വായ്പാ സ്ഥാപനങ്ങൾ'എന്ന് ചുരുക്കപ്പേരിൽ പരാമർശിക്കപ്പെടും.) ഇടത്തരം ചെറുകിട കർഷകർക്കും മറ്റു കർഷകർക്കും നേരിട്ടു നൽകുന്ന കാർഷിക വായ്പകൾ മാർഗ്ഗരേഖയിൽ സൂചിപ്പിക്കുന്നതുപോലെ പദ്ധതിയുടെ പരിധിയിൽ വരുന്നതായിരിക്കും.

2.2. പദ്ധതി ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

## 3. നിർവ്വചനങ്ങൾ

3.1. നേരിട്ടു നൽകുന്ന കാർഷിക വായ്പകൾ എന്നാൽ,
കാർഷികാവശ്യങ്ങൾക്കായി കർഷകർക്ക് നേരിട്ട് ലഭ്യമാക്കുന്ന ഹ്രസ്വകാല ഉത്പാദനവായ്പയും നിക്ഷേപ വായ്പയും എന്നാണ് അർത്ഥമാക്കുന്നത്. ഒരു പ്രത്യേക സംഘത്തിലെ ഓരോ കർഷകനും നൽകിയ വായ്പകളുടെ ഇനം തിരിച്ചുള്ള അടിസ്ഥാന വിവരങ്ങൾ സൂക്ഷിക്കുന്നതിന് വിധേയമായി കർഷകസംഘങ്ങൾക്ക് (ഉദാ: സ്വയം സഹായ സംഘങ്ങളും/ സംയുക്ത ബാധ്യതാ കൂട്ടായ്മകളും) നേരിട്ട് നൽകുന്ന വായ്പകളും ഇതിൽപ്പെടുന്നതായിരിക്കും.

3.2. ഹ്രസ്വകാല ഉദ്പാദന വായ്പ എന്നാൽ, ഉദ്പാദനവുമായി ബന്ധപ്പെട്ട് നൽകുന്ന, പരമാവധി 18 മാസങ്ങൾക്കുള്ളിൽ തിരിച്ചടക്കേണ്ടുന്ന വായ്പ എന്നാണ് അർത്ഥമാക്കുന്നത്. ഇതിൽ, പരമ്പരാഗതങ്ങളും പാരമ്പര്യേതരവുമായ തോട്ടകൃഷികൾക്കും ഉദ്യാനകൃഷിക്കുംവേണ്ടിയുള്ള, ഒരു ലക്ഷത്തിൽ കവിയാത്ത പ്രവർത്തന മൂലധനവായ്പയും ഉൾപ്പെടുന്നതായിരിക്കും.

3.3. നിക്ഷേപവായ്പ എന്നാൽ അർത്ഥമാക്കുന്നത്

(എ) ഭൂമിയിൽ നിന്നുള്ള ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള മൂലധന നിക്ഷേപത്തിനും അപചയ ആസ്തികളുടെ പുന:സ്ഥാപനവും സംരക്ഷണവുമായി (അറ്റകുറ്റപ്പണികൾക്കുമായി) ബന്ധപ്പെട്ട മുടക്കുമുതൽ കണ്ടെത്തുന്നതിനും നൽകിയിരിക്കുന്ന നേരിട്ടുള്ള കാർഷിക പ്രവർത്തനങ്ങൾക്കുള്ള നിക്ഷേപ വായ്പയും ഉദാ:- കിണറുകൾക്ക് ആഴം കൂട്ടുക, പുതിയ കിണറുകൾ കുഴിക്കുക, പമ്പ് സെറ്റുകൾ സ്ഥാപിക്കുക, ട്രാക്ടറുകൾ, ജോഡി കാളകൾ വാങ്ങുക,

ഭൂവികസനം, പരമ്പരാഗതവും പാരമ്പര്യേതരവുമായ തോട്ടകൃഷിക്കും, ഉദ്യാനകൃഷിക്കും വേണ്ടിയുള്ള കാലാവധി വായ്പയും.

(ബി) കൃഷി അനുബന്ധ മേഖലയിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആസ്തികൾ ആർജ്ജിക്കുന്നതിനുവേണ്ടി അനുബന്ധ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള നിക്ഷേപവായ്പ. ഉദാ:- കാലി വളർത്തൽ, കോഴി വളർത്തൽ, ആട് വളർത്തൽ പന്നി വളർത്തൽ, തേനീച്ച വളർത്തൽ, ഗ്രീൻ ഹൗസ് നിർമ്മാണം, ബയോ ഗ്യാസ് പദ്ധതി തുടങ്ങിയവ.

3.4. സഹകരണ വായ്പാസ്ഥാപനം എന്നാൽ-

(i) ഹ്രസ്വകാല കാർഷികവായ്പ ലഭ്യമാക്കുകയും കേന്ദ്ര സർക്കാരിൽനിന്നും സഹായധനം ലഭിക്കാൻ അർഹതയുള്ളതും അഥവാ

(ii) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയോ നബാർഡിന്റേയോ നിയന്ത്രണത്തിലോ നിരീക്ഷണത്തിലോ ബാങ്കിംഗ് പ്രവർത്തനങ്ങൾ നടത്തുന്നതോ അഥവാ

(iii) ഒരു സംസ്ഥാനത്തിലോ കേന്ദ്രഭരണ പ്രദേശത്തിലോ, ഹ്രസ്വകാല സഹകരണ വായ്പാ ഘടനയുടേയോ ദീർഘകാല സഹകരണ വായ്പാ ഘടനയുടേയോ ഭാഗമായ ഒരു സഹകരണ സ്ഥാപനം എന്നാണ് അർത്ഥമാക്കുന്നത്

3.5. ഇടത്തരം കർഷകൻ എന്നാൽ 1 ഹെക്ടർ (2.5 ഏക്കർ) വരെ കൃഷിഭൂമിയിൽ കൃഷിചെയ്യുന്നവൻ.(ഉടമ എന്ന നിലയിലോ പാട്ടക്കാരനായോ, പങ്കുകൃഷിക്കാരനായോ എന്നർത്ഥം).

3.6. ചെറുകിട കർഷകൻ എന്നാൽ ഒരു ഹെക്ടറിന് മേൽ 2 ഹെക്ടറിൽതാഴെ ( 5 ഏക്കർ) വരെ കൃഷിഭൂമിയിൽ കൃഷി ചെയ്യുന്നവൻ (ഉടമ എന്ന നിലയിലും പാട്ടക്കാരനായോ, പങ്കു കൃഷിക്കാര നായോ) എന്നർത്ഥം.

3.7. മറ്റു കർഷകർ എന്നാൽ 2 ഹെക്ടർ (5 ഏക്കറിൽ) കൂടുതൽ കൃഷിഭൂമിയിൽ കൃഷി ചെയ്യുന്നവൻ (ഉടമ എന്ന നിലയിലും, പാട്ടക്കാരനായോ പങ്കു കൃഷിക്കാരനായോ എന്നർത്ഥം).

**വിശദീകരണം**

1. മേൽപ്പറഞ്ഞ ഭൂമി കൈവശാവകാശ പ്രമാണങ്ങൾ പ്രകാരം ഈ പദ്ധതിക്ക് അർഹരായ കർഷകരെ തരംതരിക്കുന്നത് ഉടമസ്ഥതയിലോ കൈവശാവകാശത്തിലോ പിൻവരുന്ന മാറ്റങ്ങൾ പരിഗണിക്കാതെ വായ്പ അനുവദിക്കുന്ന സമയത്ത് സ്വന്തം ഉടമസ്ഥതയിലോ, സംയുക്ത ഉടമസ്ഥ തയിലോ കൈവശാവകാശമുള്ള ഭൂമിയുടെ വ്യാപ്തിയനുസരിച്ചോ കർഷകൻ കൃഷിചെയ്യുന്ന ആകെ ഭൂമിയുടെ വ്യാപ്തി അനുസരിച്ചോ (പാട്ടക്കാരനായോ,പങ്ക്കൃഷിക്കാരനായോ) ആയിരിക്കും ഈ പദ്ധതിയുടെ പരിധിയിൽ വരുന്ന അർഹരായ കർഷകരെ തരംതിരിക്കേണ്ടത്

2. തങ്ങളുടെ കൈവശ ഭൂമികൾ സംയുക്തമാക്കി ഒന്നിലധികം കർഷകർ വായ്പയെടുക്കുമ്പോൾ ആ കൂട്ടായ്മയിലെ ഏറ്റവും വലിയ കൈവശാവകാശ ഭൂമിയുടെ വലുപ്പം, ആ കൂട്ടായ്മയിലെ എല്ലാ കർഷകരേയും ഇടത്തരം കർഷകനെന്നോ ചെറുകിട കർഷകനെന്നോ മറ്റു കർഷകനെന്നോ തരം

തിരിക്കുന്നതിനുള്ള അടിസ്ഥാനമായി പരിഗണിക്കുന്നതാണ്.

3. അനുബന്ധ മേഖലകളിൽ നിക്ഷേപ വായ്പ ലഭിച്ച ഒരു കർഷകനെ അയാളുടെ മൂലധന വായ്പാതുക 50,000 രൂപയിൽ കവിയുന്നില്ല എങ്കിൽ ചെറുകിട-ഇടത്തരം കർഷക വിഭാഗത്തിലും, മൂലധന വായ്പ തുക 50,000 രൂപയിൽ കവിയുകയാണെങ്കിൽ മററ് കർഷകവിഭാഗത്തിലും ഉൾപ്പെടുത്തുന്നതുമാണ്. ഇവിടെ കൈവശഭൂമിയുടെ വലുപ്പം പരിഗണിക്കുന്നതല്ല.

4. കിസാൻ ക്രഡിറ്റ് കാർഡ് പ്രകാരം എടുത്തിട്ടുള്ള നേരിട്ടുള്ള കാർഷികവായ്പയും ഈ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഈ പദ്ധതിയുടെ പരിധിയിൽ വരുന്നതായിരിക്കും.

5. ഒരു കർഷകൻ എടുത്തിട്ടുള്ള ഒരു ഹ്രസ്വകാല ഉത്പാദനവായ്പയും ഒരു നിക്ഷേപ വായ്പയും രണ്ട് പ്രത്യേക വായ്പകളായി പരിഗണിക്കാവുന്നതും ഈ പദ്ധതി ഈ രണ്ടു വായ്പകൾക്കും പ്രത്യേകമായിതന്നെ ബാധകമാകുന്നതുമാണ്. അതുപോലെതന്നെ ഒരു കർഷകൻ, രണ്ട് നിക്ഷേപ വായ്പ രണ്ട് വ്യത്യസ്ത ഉദ്ദേശത്തിനുവേണ്ടി എടുത്തിട്ടുള്ള സന്ദർഭങ്ങളിൽ, ഈ രണ്ടു വായ്പകളും, രണ്ട് വ്യത്യസ്ത വായ്പകളായി പരിഗണിക്കുന്നതും ഈ പദ്ധതി രണ്ട് വായ്പകൾക്കും വ്യത്യസ്തമായി ബാധകമാകുന്നതുമാണ്.

### 4. അർഹമായ തുക

4.1. വായ്പ എഴുതിത്തള്ളുന്നതിനോ കടാശ്വാസത്തിനോ അർഹമായ തുക, അത് ഏതുതന്നെയായിരുന്നാലും (ഇനിമേൽ 'അർഹമായ തുക' എന്ന് പരമാർശിക്കപ്പെടും). താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

(എ) ഹ്രസ്വകാല ഉദ്പാദന വായ്പയുടെ കാര്യത്തിൽ, ഇങ്ങനെയുള്ള വായ്പയുടെ തുക (ബാധകമാകുന്ന പലിശ സഹിതം)

(i) 2007 മാർച്ച് 31 വരെ വിതരണം ചെയ്യപ്പെട്ടിട്ടുള്ളതും 2007 ഡിസംബർ 31 ലെ കണക്കുപ്രകാരം പണമടവ് ബാക്കി നിൽക്കുന്നതും 2008 ഫെബ്രുവരി 29 വരെ അടയ്ക്കാതെ ബാക്കി നിൽക്കുന്നതും.

(ii) അടവ് ബാക്കി നിൽക്കുന്നതായാലും അല്ലെങ്കിലും കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പ്രത്യേക പാക്കേജുകൾ പ്രകാരം 2004ലും 2006ലും ബാങ്കുകൾ പുനഃക്രമീകരിക്കുകയോ ചെയ്തവ.

(iii) അടവ് തുക ബാക്കി നിൽക്കുന്നതായാലും അല്ലെങ്കിലും പ്രകൃതി ദുരന്തങ്ങൾ കാരണം റിസർവ്വ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി 2007 മാർച്ച് 31 വരെ സാധാരണഗതിയിൽ പുന:ക്രമീകരണം ചെയ്തവ.

4.1 (b) നിക്ഷേപവായ്പയുടെ കാര്യത്തിൽ അത്തരം വായ്പയുടെ പണമടവ് ബാക്കി നിൽക്കുന്ന തവണകളുടെ (ബാധകമാവുന്ന പലിശ ഉൾപ്പടെ) തുക

(1) 2007 മാർച്ച് 31 വരെ വിതരണം ചെയ്തിട്ടുള്ളതും 2007 ഡിസംബർ 31ലെ കണക്ക് പ്രകാരം പണമടവ് ബാക്കിനിൽക്കുന്നതും, 2008 ഫെബ്രുവരി 29 വരെ അടക്കാതെ ബാക്കി നിൽക്കുന്നതും.

(2) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പാക്കേജുകൾ പ്രകാരം, 2004ലും 2006ലും ബാങ്കുകൾ പുനഃക്രമീകരിക്കുകയോ ചെയ്തവ.

(3) പ്രകൃതി ദുരന്തങ്ങൾ കാരണം റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി 2007 മാർച്ച് 31 വരെ സാധാരണഗതിയിൽ പുനഃക്രമീകരിക്കുകയോ ചെയ്തവ.

**വിശദീകരണം.**

2007 മാർച്ച് 31 വരെ വിതരണം ചെയ്യപ്പെട്ട നിക്ഷേപ വായ്പയുടെ കാര്യത്തിൽ, അത് നിഷ്ക്രിയ ആസ്തി പട്ടികയിലോ വ്യവഹാരം ഫയൽ ചെയ്യപ്പെട്ട കണക്കിലോ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ടെങ്കിൽ 2007 ഡിസംബർ 31 കണക്കുപ്രകാരം കുടിശ്ശികയുള്ള ഗഡുക്കൾക്ക് മാത്രമായിരിക്കും അർഹമായ തുക.

4.2. താഴെ പറയുന്ന വായ്പകൾ അർഹമായ തുകയിൽ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല.

(എ) കൊയ്യാത്ത വിളകൾ ഒഴികെയുള്ള കാർഷിക ഉത്പന്നങ്ങളുടെ പണയത്തിൻമേലോ ചൂണ്ടിപ്പണയത്തിൻമേലോ ഉള്ള വായ്പകൾ.

(ബി) സഹകരണ വായ്പാ സ്ഥാപനങ്ങൾക്കോ (3.4 ഖണ്ഡികയിൽ പരാമർശിക്കുന്ന) തത്തുല്യമായ മറ്റ് സ്ഥാപനങ്ങൾക്കോ ഒഴിച്ച് കമ്പനികൾക്കോ/കോർപ്പറേറ്റുകൾക്കോ പങ്കാളിത്ത വ്യവസായ സ്ഥാപനങ്ങൾക്കോ, സൊസൈറ്റികൾക്കോ ഉള്ള കാർഷിക ധനസഹായം.

4.3 1997 മാർച്ച് 31 ന് മുൻപ് ഒരു വായ്പാ സ്ഥാപനം വിതരണം ചെയ്ത ഏത് വായ്പയ്ക്കും ഈ പദ്ധതിയിൽ ഉൾപ്പെടുന്ന കാര്യങ്ങൾ ബാധകമല്ല.

**5. വായ്പ എഴുതിത്തള്ളൽ**

5.1. ഒരു ചെറുകിട ഇടത്തരം കർഷകന്റെ കാര്യത്തിൽ 'അർഹമായ തുക' മുഴുവനായും എഴുതിത്തള്ളാവുന്നതാണ്.

6. **കടാശ്വാസം**

6.1. മറ്റു കർഷകരുടെ കാര്യത്തിൽ ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുണ്ടായിരിക്കും. ഇതനുസരിച്ച് 'അർഹമായ തുക'യുടെ ബാക്കിവരുന്ന 75 ശതമാനം കർഷകൻ തിരിച്ചടച്ചുകൊള്ളാമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി കർഷകന് അർഹമായ തുകയുടെ 25 ശതമാനം ഇളവ് നൽകപ്പെടുന്നതാണ്.

അർഹമാകുന്ന തുകയുടെ ബാക്കി കർഷകൻ അടച്ചു തീർക്കുന്നതാണ് എന്ന വ്യവസ്ഥയിൽ അനുബന്ധം 1-ൽ പട്ടിക ചേർത്തിട്ടുള്ള റവന്യൂ ജില്ലകളിലെ, മറ്റു കർഷകർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം അർഹമായ തുകയുടെ 25 ശതമാനം കിഴിവോ 20,000 രൂപയോ ഏതാണോ കൂടുതൽ അത് നൽകാവുന്നതാണ്.

7. **നടപ്പാക്കൽ**

7.1. ഈ പദ്ധതിയുടെ പരിധിയിൽ വരുന്ന ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക് പ്രാദേശിക ഗ്രാമീണ ബാങ്ക്, സഹകരണ വായ്പാസ്ഥാപനം, അർബൻ സഹകരണ ബാങ്ക്, തദ്ദേശിയ ബാങ്ക് എന്നിവയുടെ ഓരോ ശാഖയും രണ്ട് ലിസ്റ്റുകൾ തയ്യാറാക്കണം. അതിൽ ഒന്ന് വായ്പ എഴുതിത്തള്ളുന്നതിന് അർഹരായ

'ചെറുകിട ഇടത്തരം കർഷകർ' ഉൾപ്പെടുന്നതും, രണ്ടാമത്തേത് ഈ പദ്ധതിപ്രകാരം കടാശ്വാസത്തിന് അർഹരായ മറ്റു കർഷകരും ഉൾപ്പെടുന്നതായിരിക്കണം. ഈ ലിസ്റ്റിൽ, ഓരോന്നിലും കൈവശഭൂമി, അർഹമായ തുക, എഴുതിത്തള്ളുന്നതിന് അല്ലെങ്കിൽ കടാശ്വാസം അനുവദിക്കുന്നതിനുള്ള തുക നിർദ്ദേശിക്കുന്നതടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കണം. ഈ ലിസ്റ്റ് 2008 ജൂൺ 30 നോ അതിന് മുൻപായോ ബന്ധപ്പെട്ട ബാങ്ക്/സൊസൈറ്റിയുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പി ക്കേണ്ടതാണ്.

7.2. 'ഇടത്തരം കർഷകൻ' അഥവാ 'ചെറുകിട കർഷകൻ' എന്ന വിഭാഗത്തിൽപ്പെടുത്തിയ ഒരു കർഷകന് എഴുതിത്തള്ളുന്ന 'അർഹമായ തുക'ക്കനുസൃതമായി പുതിയ കാർഷിക വായ്പയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

7.3. ഒറ്റത്തവണ തീർപ്പാക്കലിന് അർഹനായ മറ്റ് കർഷക വിഭാഗത്തിൽപ്പെട്ട ഒരു കർഷകൻ അയാളുടെ ഷെയർ (അത് അർഹമായ തുകയിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ ഇളവിന്റെ തുക കിഴിച്ചതുകയാണ് ), മൂന്നിൽ കൂടാത്ത തവണകളായി അടച്ചു തീർത്തു കൊള്ളാമെന്നും, അതിൽ ആദ്യത്തെ രണ്ട് തവണകൾ അയാളുടെ ഷെയറിന്റെ മൂന്നിൽ ഒന്നിൽ കുറയാത്തതായിരിക്കണം എന്നും സമ്മതിച്ചുകൊണ്ടുള്ള ഉറപ്പു നൽകണം. മൂന്നു തവണകളുടെ കാര്യത്തിൽ അടച്ചു തീർക്കേണ്ട അവസാന തീയതികൾ യഥാക്രമം 2008 സെപ്റ്റംബർ 30, 2009 മാർച്ച് 31, 2009 ജൂൺ 30 ആയിരിക്കും.

7.4. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയോ നബാർഡോ നിർദ്ദേശിക്കുന്ന ഒരു നിർദ്ദിഷ്ട ഫോറത്തിലായിരിക്കണം ഉറപ്പു നൽകേണ്ടത്.

7.5. ഒറ്റത്തവണ തീർപ്പാക്കൽ സമാശ്വാസ തുക (അതായത് കേന്ദ്ര സർക്കാരിന്റെ ഷെയർ)അയാളുടെ ഷെയർ മുഴുവനും അടയ്ക്കുന്നതനുസരിച്ച് 'മറ്റു കർഷകന്റെ' അക്കൗണ്ടിൽ വരവ് വയ്ക്കുന്നതാണ്.

7.6. ഹ്രസ്വകാല ഉത്പാദന വായ്പയുടെ കാര്യത്തിൽ, ഇതര കർഷകൻ, അയാളുടെ ഷെയറിന്റെ മൂന്നിൽ ഒന്ന് അടച്ചുതീർത്താൽ പുതിയ ഹ്രസ്വകാല ഉത്പാദന വായ്പയ്ക്ക് അർഹനായിരിക്കും.

7.7. നിക്ഷേപ വായ്പയുടെ കാര്യത്തിൽ (പ്രത്യക്ഷ കാർഷിക പ്രവർത്തനങ്ങൾക്കോ അഥവാ അനുബന്ധ പ്രവർത്തനങ്ങൾക്കോ) ഇതരകർഷകൻ, അയാളുടെ ഷെയറിന്റെ മുഴുവൻ ഭാഗവും അടച്ചുതീർത്തശേഷം പുതിയ നിക്ഷേപ വായ്പയ്ക്ക് അർഹനായിരിക്കും.

7.8 ഷെഡ്യൂൾഡ് വാണിജ്യബാങ്കുകളേയും, അർബൻ സഹകരണബാങ്കുകളേയും തദ്ദേശീയ ബാങ്കുകളേയും സംബന്ധിച്ച്, പദ്ധതി നിർവ്വഹിക്കുന്നതിന്റെ നോഡൽ ഏജൻസി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആയിരിക്കും. പ്രാദേശിക ഗ്രാമീണ ബാങ്കുകളുടേയും സഹകരണ വായ്പാ സ്ഥാപന ങ്ങളുടെയും നോഡൽ ഏജൻസി നബാർഡ് ആയിരിക്കും.

**8. പലിശയും മറ്റ് ചെലവുകളും**

8.1 2008 ഫെബ്രുവരി 29ന് ശേഷം വരുന്ന ഒരു കാലയളവിലേക്കും അർഹമായ തുകയിന്മേൽ വായ്പാ സ്ഥാപനങ്ങൾ ഒരു തരത്തിലുള്ള പലിശയും ഈടാക്കാൻ പാടില്ലാത്തതാകുന്നു. എന്നിരുന്നാലും മറ്റു കർഷകന്റെ കാര്യത്തിൽ 2009 ജൂൺ 30 നോ അതിനുമുമ്പോ അർഹമായ തുകയുടെ തന്റെ പങ്ക് തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തുന്നതിലൂടെ ഒറ്റത്തവണ തീർപ്പാക്കൽ ഇളവിന് അയോഗ്യനായി തീരുകയോ ചെയ്താൽ ബാങ്കിന് 2009 ജൂൺ 30 ന് ശേഷമുള്ള കാലാവധിയിലേക്ക് പലിശ ഈടാക്കുന്നതാണ്.

8.2. നിക്ഷേപ വായ്പയുടെ 31.12.2007 ന് ശേഷം മുടക്കം വരുന്നതായ തവണകൾ, പ്രയോഗയോഗ്യമായ പലിശക്കൊപ്പം വായ്പാസ്ഥാപനങ്ങൾക്ക് വസൂലാക്കാവുന്നതാണ്. എന്നിരുന്നാലും യുക്തമായ കേസുകളിൽ വായ്പാസ്ഥാപനങ്ങൾക്ക്, ബന്ധപ്പെട്ട വായ്പാ സ്ഥാപനങ്ങളുടെ സാധാരണ നയത്തിന്റെ ഭാഗമെന്ന നിലയിൽ ഈ തവണകൾ പുനഃക്രമീകരിക്കാവുന്നതാണ്.

8.3. ഈ പദ്ധതിയിൽ പറഞ്ഞിരിക്കുന്നത് അങ്ങനെയാണെങ്കിൽ തന്നെയും ഈ പദ്ധതി പ്രകാരം വായ്പാസ്ഥാപനം കേന്ദ്രസർക്കാരിൽനിന്നും പ്രതിപൂരണമെന്ന നിലയിൽ അവകാശപ്പെടുന്ന പലിശ തുക ഒരു കാരണവശാലും മുഖ്യ വായ്പ തുകയേക്കാൾ കൂടുതലാകാൻ പാടില്ലാത്തതാകുന്നു.

8.4. കർഷകരിൽനിന്നോ കേന്ദ്രസർക്കാരിൽ നിന്നോ വായ്പാ സ്ഥാപനങ്ങൾ നഷ്ടപരിഹാരമായി ആവശ്യപ്പെടാൻ പാടില്ലാത്ത പലിശയും മറ്റ് ചെലവുകളും ഉൾപ്പെടെയുള്ള ആകസ്മികവും അനുബന്ധവുമായ കാര്യങ്ങളെക്കുറിച്ച് ധനമന്ത്രാലയം വായ്പാസ്ഥാപനങ്ങൾക്ക് അനുബന്ധ നിർദ്ദേശങ്ങൾ നൽകും.

**9. വായ്പ എഴുതിത്തള്ളുന്നതിനേയോ കടാശ്വാസത്തിനേയോ സംബന്ധിച്ച സർട്ടിഫിക്കറ്റ്**

9.1. ചെറുകിട, ഇടത്തരം കർഷകരുടെ കാര്യത്തിൽ, അർഹമായ തുക എഴുതിത്തള്ളുമ്പോൾ വായ്പാസ്ഥാപനം വായ്പ എഴുതിത്തള്ളിയതായി അർഹമായ തുക പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ള ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതും ആകുന്നു. .

9.2. മറ്റു കർഷകരുടെ കാര്യത്തിൽ, ഒറ്റത്തവണ തീർപ്പാക്കൽ ഇളവ് അനുവദിക്കുമ്പോൾ, വായ്പാസ്ഥാപനത്തെ സംബന്ധിച്ച് തൃപ്തികരമായി വായ്പാ അക്കൗണ്ട് തീർപ്പാക്കി എന്ന ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതും അതിൽ അർഹമായ തുക, തന്റെ ഷെയർ എന്ന നിലയിൽ കർഷകൻ അടച്ച തുക, ഒറ്റത്തവണ തീർപ്പാക്കൽ ഇളവ് തുക (റിലീഫ് തുക), എന്നിവ പ്രത്യേകമായി സൂചിപ്പിക്കേണ്ടതുമാണ്.

9.3. സർട്ടിഫിക്കറ്റ് റിസർവ് ബാങ്കോ, നബാർഡോ നിർദ്ദേശിക്കുന്ന നിശ്ചിത ഫോറത്തിലായിരിക്കുകയും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുമ്പോൾ വായ്പാസ്ഥാപനം കർഷകരിൽനിന്നും കൈപ്പറ്റ്രസീത് വാങ്ങേണ്ടതുമാണ്.

**10. വായ്പാ സ്ഥാപനങ്ങളുടെ ബാദ്ധ്യതകൾ**

10.1 ഈ പദ്ധതി പ്രകാരം അർഹരായ കൃഷിക്കാരുടെ പട്ടികയുടെ കൃത്യതയും സമഗ്രതയും സംബന്ധിച്ചും ഓരോ കർഷകന്റേയും വായ്പ എഴുതിത്തള്ളലോ കടാശ്വാസമോ സംബന്ധിച്ചുള്ള വിവരങ്ങളുടെ കാര്യത്തിലും ഓരോ വായ്പാ സ്ഥാപനങ്ങളും ഉത്തരവാദിയായിരിക്കുന്നതാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വായ്പാസ്ഥാപനം തയ്യാറാക്കുന്ന ഓരോ രേഖയും, ഓരോ പട്ടികയും, വിതരണം ചെയ്യുന്ന ഓരോ സർട്ടിഫിക്കറ്റും വായ്പാ സ്ഥാപനത്തിലെ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ കൈയ്യൊപ്പോടും ഉദ്യോഗപ്പേരോടും കൂടി ആയിരിക്കണം.

10.2. ഓരോ വായ്പാ സ്ഥാപനവും ഓരോ സംസ്ഥാനത്തും ഒന്നോ അതിലധികമോ ആവലാതി നിവാരണ ഓഫീസറെ നിയമിക്കേണ്ടതാണ്. (സംസ്ഥാനത്തുള്ള ശാഖകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ) ബന്ധപ്പെട്ട ആവലാതി നിവാരണ ഓഫീസറുടെ പേരും വിലാസവും വായ്പാ സ്ഥാപനത്തിന്റെ ഓരോ ശാഖയിലും പ്രദർശിപ്പിക്കേണ്ടതാണ്. ആവലാതി നിവാരണ ഓഫീസർക്ക് അന്യായത്തിനിരയായ കർഷകരിൽ നിന്നും നിവേദനങ്ങൾ സ്വീകരിക്കുന്നതിനും അതിന്മേൽ യുക്തമായ ഉത്തരവുകൾ പാസാക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്. ആവലാതി നിവാരണ ഓഫീസറുടെ ഉത്തരവ് അന്തിമമായിരിക്കും.

10.3. ഖണ്ഡിക 7.1. ൽ പറഞ്ഞിരിക്കുന്ന രണ്ടു പട്ടികയിലും തന്റെ പേര് ഉൾപ്പെടുത്തിയിട്ടില്ല എന്നതിന്റെ അടിസ്ഥാനത്തിലോ, തന്റെ പേര് തെറ്റായ പട്ടികയിലാണ് പെടുത്തിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിലോ, തനിക്ക് അനുവദിച്ചുള്ള ഇളവ് തെറ്റായാണ് കണക്കാക്കിയിരിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിലോ ആവലാതിയുള്ള ഏതൊരു കർഷകനും തനിക്ക് വായ്പ ലഭ്യമാക്കിയ സ്ഥാപനത്തിന്റെ ശാഖ മുഖേനയോ ബന്ധപ്പെട്ട വായ്പാ സ്ഥാപനത്തിന്റെ ആവലാതി നിവാരണ ഓഫീസർക്ക് നേരിട്ടോ പരാതി ബോധിപ്പിക്കാവുന്നതും അങ്ങനെയുള്ള ഏതൊരു പരാതിയും ലഭിച്ച് 30 ദിവസങ്ങൾക്കകം ആയതിന്മേൽ തീർപ്പ് കല്പിക്കേണ്ടതുമാണ്.

**11. ആഡിറ്റ് (ഔദ്യോഗിക കണക്ക് പരിശോധന)**

ഈ പദ്ധതി പ്രകാരം വായ്പ എഴുതിത്തള്ളുകയോ കടാശ്വാസം നൽകലോ അനുവദിച്ചു നൽകിയ വായ്പാ സ്ഥാപനത്തിലെ അക്കൗണ്ട് ബുക്കുകൾ (ബ്രാഞ്ചുകളിൽ സൂക്ഷിക്കുന്നതുൾപ്പെടെയുള്ള അക്കൗണ്ട് ബുക്കുകൾ) റിസർവ് ബാങ്കോ, നബാർഡോ നിശ്ചയിക്കുന്ന നടപടിക്രമം അനുസരിച്ച് ആഡിറ്റിനു വിധേയമാണ്. റിസർവ് ബാങ്കോ, നബാർഡോ നിർദ്ദേശിക്കുന്നതുപ്രകാരം സമാധികാര ആഡിറ്ററന്മാരോ, നിയമപ്രകാരമുള്ള ആഡിറ്ററന്മാരോ വിശേഷാൽ ആഡിറ്ററന്മാരോ ആഡിറ്റ് നിർവ്വഹിക്കേണ്ടതാണ്. കേന്ദ്ര ഗവൺമെന്റിന് അപ്രകാരം ആവശ്യമെന്ന് തോന്നിയാൽ ഏതെങ്കിലും ഒരു വായ്പാ സ്ഥാപനത്തെ സംബന്ധിച്ചോ വായ്പാ സ്ഥാപനത്തിന്റെ ഒന്നോ അതിലധികമോ ശാഖകളിലോ സ്പെഷ്യൽ ആഡിറ്റിന് നിർദ്ദേശിക്കാവുന്നതാണ്.

**12. പബ്ലിസിറ്റി/പ്രചാരണം**

12.1. ഇംഗ്ലീഷിലും സംസ്ഥാനത്തിന്റെയും കേന്ദ്രഭരണ പ്രദേശത്തിന്റേയും ഔദ്യോഗിക ഭാഷയിലോ ഭാഷകളിലോ ഉള്ളതുമായ ഈ പദ്ധതിയുടെ പൂർണ്ണരൂപത്തിന്റെ പകർപ്പ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്ന എല്ലാ വായ്പാസ്ഥാപനത്തിന്റേയും ഓരോ ശാഖയിലും പ്രദർശിപ്പിക്കേണ്ടതാണ്.

12.2. ധനമന്ത്രാലയത്തിന്റെ ഫൈനാൻഷ്യൽ സർവ്വീസസ് ഡിപ്പാർട്ട്മെന്റിന്റെയും, റിസർവ്ബാങ്കിന്റെയും നബാർഡിന്റേയും വെബ്സെറ്റുകളിൽ ഈ പദ്ധതിയുടെ പകർപ്പ് ലഭ്യമായിരിക്കും.

13. **വ്യാഖ്യാനവും തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള അധികാരവും**

13.1. ഈ പദ്ധതിയുടെ ഏതെങ്കിലും ഖണ്ഡികയുടെ വ്യാഖ്യാനത്തിലോ ഇതിനുശേഷം പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവുകളിലോ ഏതെങ്കിലും സംശയം ഉണ്ടായാൽ, കേന്ദ്രസർക്കാർ ആ സംശയത്തിന് പരിഹാരം കാണുന്നതും കേന്ദ്ര സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

13.2. ഈ പദ്ധതിയുടെ ഏതെങ്കിലും നിബന്ധനകളോ പിന്നീട് പുറത്തിറക്കുന്ന ഏതെങ്കിലും ഉത്തരവുകളോ പ്രാബല്യത്തിൽ വരുത്തുന്നതിന് ഏതെങ്കിലും തടസം നേരിടുകയാണെങ്കിൽ കേന്ദ്ര ഗവൺമെന്റിന് ആ തടസം നീക്കുന്നതിന് ആജ്ഞാനുസരണം യഥോചിതം ആവശ്യമായി തോന്നുന്ന ഏതു നടപടിയും എടുക്കാവുന്നതുമാണ്.

**14. മോണിട്ടറിംഗ്**

താഴെപ്പറയുന്നവരെ ഉൾപ്പെടുത്തിക്കൊണ്ട് ദേശീയതലത്തിൽ ഉപദോശകസമിതി രൂപീകരിക്കുന്നതാണ്.

1. സെക്രട്ടറി, ഫിനാൻഷ്യൽ സർവ്വീസ് വിഭാഗം, ധനമന്ത്രാലയം, ചെയർപേഴ്സൺ
2. സെക്രട്ടറി, കൃഷിയും സഹകരണവും, കൃഷി മന്ത്രാലയം
3. ഡെപ്യൂട്ടി ഗവർണർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ
4. ചെയർമാൻ, നബാർഡ്
5. ഏതെങ്കിലും രണ്ട് പൊതുമേഖലാസ്ഥാപനങ്ങളുടെ ചെയർമാൻ& മാനേജിംഗ് ഡയറക്ടർമാർ
6. രണ്ട് മേഖലാ ഗ്രാമീണ ബാങ്കുകളുടെ ചെയർമാൻമാർ &
7. രണ്ട് സംസ്ഥാനതല സഹകരണ ബാങ്കുകളുടെ മാനേജിംഗ് ഡയറക്ടർമാർ

## 8. അനുബന്ധം-1 (മാർഗ്ഗനിർദ്ദേശങ്ങൾ)

### ഡി.പി.എ.പി., ഡി.ഡി.പി പ്രദേശങ്ങൾ ഉൾപ്പെടുന്ന റവന്യൂ ജില്ലകളും പ്രധാനമന്ത്രിയുടെ സ്പെഷ്യൽ റിലീഫ് പാക്കേജ് ജില്ലകളും

| സംസ്ഥാനം | ക്രമ നമ്പർ | ഡി.പി.എ.പി., ഡി.ഡി.പി പ്രദേശങ്ങൾ ഉൾപ്പെടുന്ന റവന്യൂ ജില്ലകളും പ്രധാനമന്ത്രിയുടെ സ്പെഷ്യൽ റിലീഫ് പാക്കേജ് ജില്ലകളും |
|---|---|---|
| ആന്ധ്രാപ്രദേശ് | 1 | 1. അദിലാബാദ് |
| | 2 | 2. ചിറ്റൂർ |
| | 3. | 3. കടപ്പാ |
| | 4. | 4. ഖമ്മം |
| | 5. | 5. കർണൂൽ |
| | 6. | 6. മേടക്ക് |
| | 7. | 7. മെഹബൂബ്നഗർ |
| | 8. | 8. നൽഗോണ്ട |
| | 9. | 9. പ്രകാശം |
| | 10. | 10. രംഗറെഡ്ഡി |
| | 11. | 11. ശ്രീകാകുളം |
| | 12. | 12. അനന്ത്പൂർ |
| | 13. | 13. വാറംഗൽ |
| | 14. | 14. ഗുണ്ടൂർ |
| | 15. | 15. കരീംനഗർ |
| | 16. | 16. നെല്ലൂർ |
| | 17. | 17. നിസാമാബാദ് |
| ബീഹാർ | 18. | 1. ഭഭുവാ |
| | 19. | 2. ജമൂയി |
| | 20. | 3. മധുബനി |
| | 21. | 4. നവ്ദാഹ് |
| | 22. | 5. രോഹ്താസ് |
| | 23. | 6. സീതാമർഹി |
| ഛത്തീസ്ഗഢ് | 24. | 1. ബസ്തർ |
| | 25. | 2. ബിലാസ്പൂർ |
| | 26. | 3. ദന്ത്വാരാ |
| | 27. | 4. ദുർഗ് |
| | 28. | 5. ജംഗീർ-ചമ്പാ |
| | 29. | 6. കബീർധാം |
| | 30. | 7. കോർബാ |
| | 31. | 8. രാജേന്ദ്രഗാവ് |

| | | |
|---|---|---|
| ഗുജറാത്ത് | 32. | 1. അഹമ്മദാബാദ് |
| | 33. | 2. അമ്റേലി |
| | 34. | 3. ബറൂച്ച് |
| | 35. | 4. ഭവ്നഗർ |
| | 36. | 5. ദഹോദ് |
| | 37. | 6. ദംഗ് |
| | 38. | 7. ജുനാംഗഢ് |
| | 39. | 8. നർമ്മദ |
| | 40. | 9. നവസാരി |
| | 41. | 10. പഞ്ച് മഹൽസ് |
| | 42. | 11. പോർബന്ദർ |
| | 43. | 12. സബർകന്ദാ |
| | 44. | 13. വഡോദരാ |
| | 45. | 14. വൽസാദ് |
| | 46. | 15. ബനസ്കന്ദാ |
| | 47. | 16. ജാംനഗർ |
| | 48. | 17. കച്ഛ് |
| | 49. | 18. പഠാൻ |
| | 50. | 19. രാജ്കോട്ട് |
| | 51. | 20. സുരേന്ദ്രനഗർ |
| ഹരിയാന | 52. | 1. ഭിവാനി |
| | 53. | 2. ഫത്തേഹ് ബാദ് |
| | 54. | 3. ഹിസ്സാർ |
| | 55. | 4. ഝഹാർ |
| | 56. | 5. മോഹീന്ദർഗഢ് |
| | 57. | 6. റിവാരി |
| | 58. | 7. സിർസാ |
| ഹിമാചൽപ്രദേശ് | 59. | 1. ബിലാസ്പൂർ |
| | 60. | 2. സോളൻ |
| | 61. | 3. ഉനാ |
| | 62. | 4. കിണ്ണോർ |
| | 63. | 5. ലാഹോൾ & സ്പിതി |
| ജമ്മു & കാശ്മീർ | 64. | 1. ദോഡാ |
| | 65. | 2. ഉധംപൂർ |
| | 66. | 3. റാംബൻ |
| | 67. | 4. കിഷ്ത്വാർ |
| | 68. | 5. റീസി |
| | 69. | 6. കാർഗിൽ |
| | 70. | 7. ലേഹ് |
| ഝാർഘണ്ട് | 71. | 1. ബൊക്കാറോ |
| | 72. | 2. ഛത്രാ |
| | 73. | 3. ദിയോഗാർ |
| | 74. | 4. ധൻബാദ് |
| | 75. | 5. ധുംകാ |
| | 76. | 6. ഗാർവാ |

| | | |
|---|---|---|
| | 77. | 7. ഗോഡ്ഡാ |
| | 78. | 8. ഹസാരിബാഗ് |
| | 79. | 9. ജംതാര |
| | 80. | 10. കോഡർമാ |
| | 81. | 11. ലതേഹർ |
| | 82. | 12. പകൂർ |
| | 83. | 13. പലമോ |
| | 84. | 14. സഹേബ്ഗഞ്ച് |
| കർണാടക | 85. | 1. ബംഗ്ലൂർ റൂറൽ |
| | 86. | 2. ബൽഗാം |
| | 87. | 3. ബിദാർ |
| | 88. | 4. ചാമരാജ നഗർ |
| | 89. | 5. ചിക്മാഗ്ളൂർ |
| | 90. | 6. ചിത്രദുർഗ്ഗ |
| | 91. | 7. ദാവൻഗരേ |
| | 92. | 8. ധർവാഡ് |
| | 93. | 9. ഡഗാഗ് |
| | 94. | 10. ഗുൽബർഗാ |
| | 95. | 11. ഹസ്സൻ |
| | 96. | 12. ഹവേരി |
| | 97. | 13. കോളാർ |
| | 98. | 14. മൈസൂർ |
| | 99. | 15. തുംകൂർ |
| | 100. | 16. കുടഗു |
| | 101. | 17. ഷിമോഗാ |
| | 102. | 18. ബഗൽകോട്ട |
| | 103. | 19. ബെല്ലാരി |
| | 104. | 20. ബിജാപൂർ |
| | 105. | 21. ദവാൻഗരേ |
| | 106. | 22. കൊപ്പാൾ |
| | 107. | 23. റയ്ച്ചൂർ |
| കേരള | 108. | 1. വയനാട് |
| | 109. | 2. പാലക്കാട് |
| | 110. | 3. കാസർകോഡ് |
| മദ്ധ്യപ്രദേശ് | 111. | 1. ബർവാണി |
| | 112. | 2. ബത്തൂൽ |
| | 113. | 3. ഫിംണ്ഡ് |
| | 114. | 4. ഛിംദ്വാര |
| | 115. | 5. ദമോഹ് |
| | 116. | 6. ദേവാസ് |
| | 117. | 7. ധാർ |
| | 118. | 8. ഗുണ |
| | 119. | 9. ജബൽപുർ |
| | 120. | 10. ഛബുവ |
| | 121. | 11. ഖണ്ഡവാ |
| | 122. | 12. ഖാർഗോൺ |
| | 123. | 13. പന്ന |
| | 124. | 14. റയ്സെൻ |
| | 125. | 15. രാജ്ഗഢ് |

| | | |
|---|---|---|
| | 126. | 16. രത്ത്ലം |
| | 127. | 17. റീവാ |
| | 128. | 18. ഷാദോൽ |
| | 129. | 19. ഷാജാപൂർ |
| | 130. | 20. ശിവപുരി |
| | 131. | 21. സിദ്ധി |
| | 132. | 22. സിയോണി |
| | 133. | 23. ഉമരിയ |
| | 134. | 24. അശോക് നഗർ |
| | 135. | 25. അനുപ്പൂർ |
| മഹാരാഷ്ട്ര | 136. | 1. അഹമദ്നഗർ |
| | 137. | 2. അകോല |
| | 138. | 3. അമരാവതി |
| | 139. | 4. ഔരംഗാബാദ് |
| | 140. | 5. ബീദ് |
| | 141. | 6. ബുൽദാനാ |
| | 142. | 7. ചന്ദ്രാപൂർ |
| | 143. | 8. ധൂലെ |
| | 144. | 9. ഗഢ്ചിരോലി |
| | 145. | 10. ഹിംഗോലി |
| | 146. | 11. ജൽഗോൺ |
| | 147. | 12. ജൽന |
| | 148. | 13. ലത്തൂർ |
| | 149. | 14. നാഗ്പൂർ |
| | 150. | 15. നന്ദേദ് |
| | 151. | 16. നന്ദൂർബാർ |
| | 152. | 17. നാസിക് |
| | 153. | 18. ഒസ്മാനാബാദ് |
| | 154. | 19. പർബാനി |
| | 155. | 20. പൂന |
| | 156. | 21. സംഗലി |
| | 157. | 22. സത്തര |
| | 158. | 23. സോലാപൂർ |
| | 159. | 24. വാഷിം |
| | 160. | 25. യവന്തമൽ |
| | 161. | 26. വർദ്ധ |
| ഒറീസ്സ | 162 | 1. ബർഗഢ് |
| | 163. | 2. ബോലംഗീർ |
| | 164. | 3. ബൗദ്ധ് |
| | 165. | 4. ധംകനാൽ |
| | 166. | 5. കലാഹണ്ടി |
| | 167. | 6. നുപാദ |
| | 168. | 7. സോനേപൂർ |
| | 169. | 8. ഫൂൽബനി |
| രാജസ്ഥാൻ | 170. | 1. അജ്മേർ |
| | 171. | 2. ബൻസ്വാര |
| | 172. | 3. ബാരൻ |

| | | |
|---|---|---|
| | 173. | 4. ഭരത്പൂർ |
| | 174. | 5. ദുംഗാർപൂർ |
| | 175. | 6. ഝലവാർ |
| | 176. | 7. കരൗലി |
| | 177. | 8. കോട്ട |
| | 178. | 9. സവായി മധോപൂർ |
| | 179. | 10. തോംഗ് |
| | 180. | 11. ഉദയ്പൂർ |
| | 181. | 12. ബർമേർ |
| | 182. | 13. ബികാനേർ |
| | 183. | 14. ചുരു |
| | 184. | 15. ഹനുമാൻ ഗഢ് |
| | 185. | 16. ജയ്പൂർ |
| | 186. | 17. ജയ്സേൽമേർ |
| | 187. | 18. ജല്ലോർ |
| | 188. | 19. ഝുൻജുനു |
| | 189. | 20. ജോധ്പൂർ |
| | 190. | 21. നാഗൗർ |
| | 191. | 22. പാലി |
| | 192. | 23. രാജ്സമന്ത് |
| | 193. | 24. സികാർ |
| | 194. | 25. സിരോഹി |
| തമിഴ് നാട് | 195. | 1. കോയമ്പത്തൂർ |
| | 196. | 2. ധർമ്മപുരി |
| | 197. | 3. ദിംദിഗൽ |
| | 198. | 4. കരൂർ |
| | 199. | 5. കൃഷ്ണഗിരി |
| | 200. | 6. നാമക്കൽ |
| | 201. | 7. പേരംബലൂർ |
| | 202. | 8. പുതുക്കോട്ടൈ |
| | 203. | 9. രാമനാഥപുരം |
| | 204. | 10. സേലം |
| | 205. | 11. ശിവഗംഗ |
| | 206. | 12. തിരുച്ചിറപ്പള്ളി |
| | 207. | 13. തിരുനെൽവേലി |
| | 208. | 14. തിവുവണ്ണാമലൈ |
| | 209. | 15. തൂത്തുക്കുടി |
| | 210. | 16. വെല്ലൂർ |
| | 211. | 17. വിരുദുനഗർ |
| ഉത്തർപ്രദേശ് | 212. | 1. അലഹബാദ് |
| | 213. | 2. ബഹറിച്ച് |
| | 214. | 3. ബൽരാംപൂർ |
| | 215. | 4. ബാംദ |
| | 216. | 5. ചിത്രകൂട് |
| | 217. | 6. ഹമീർപുർ |
| | 218. | 7. ജലൗൻ |
| | 219. | 8. ഝാൻസി |

| | | |
|---|---|---|
| | 220. | 9. ലക്കിംപൂർ ഖേരി |
| | 221. | 10. ലളിത്പൂർ |
| | 222. | 11. മഹോബാ |
| | 223. | 12. മിർസാപൂർ |
| | 224. | 13. ശ്രാവസ്തി |
| | 225. | 14. സിതാപൂർ |
| | 226. | 15. സോൻഭദ്രാ |
| ഉത്തർഖണ്ഡ് | 227 | 1. അൽമോറ |
| | 228. | 2. ബാഗേശ്വർ |
| | 229. | 3. ചമോലി |
| | 230. | 4. ചംപാവത് |
| | 231. | 5. പൗരി ഗഢ്വാൾ |
| | 232. | 6. പിതോരാഗഢ് |
| | 233. | 7. തേഹ്രി ഗഢ്വാൾ |
| വെസ്റ്റ് ബംഗാൾ | 234. | 1. ബംകുറാ |
| | 235. | 2. ബീർഭൂം |
| | 236. | 3. മേദിനാപൂർ വെസ്റ്റ് |
| | 237. | 4. പുരുലിയ |
| **മൊത്തം ജില്ലകൾ** | | **237 ജില്ലകൾ** |